# ഹൃദയ
# നാദം.

T61
M30

സ് ജെ. മാളിയേക്കൽ.

# ഹൃദയനാദം

ഒരു നൂതനഗാനോപഹാരം

T 61
M 30

രചയിതാ:

വർഗ്ഗീസ് ജെ. മാളിയേക്കൽ

DHARMARAM COLLEGE LIBRARY, BANGALORE.
18725

പ്രസാധകർ:
എസ്. എച്ച്. ലീഗ്,
ആലുവാ നോർത്ത് P. O.
കോപ്പി 4000

1957] [വില: 12 നയാ പൈസ.

പകർപ്പവകാശം എസ്. എച്ച്. ലീഗിന്

# കൂപ്പുകൈയോടെ

"മാറ്റൊലി"ക്കും "താരും തളിരി"നും ശേഷം രചിച്ച ഇരുപതു ഗാനങ്ങളാണു് ഈ "ഹൃദയനാദ"ത്തിലെ ഉള്ളടക്കം. ഇന്നു പ്രചുരപ്രചാരത്തിലിരിക്കുന്ന നാടൻപാട്ടുകളുടെ സമ്പ്രദായത്തെ കുറഞ്ഞൊന്നു് അനുകരിക്കാനും ചില ഗാനങ്ങളിൽ ഞാൻ ശ്രമിച്ചിട്ടുണ്ടു്. പക്ഷേ, പ്രാർത്ഥനാഗാനങ്ങൾക്കു് അവ അന്നുതന്നെ സ്വീകരണയോഗ്യങ്ങളായിത്തോന്നായ്കയാൽ സ്വീകരിച്ചിട്ടുമില്ല.

എന്റെ ഈ "ഹൃദയനാദ"ത്തിനു രൂപംകൊടുക്കുവാൻ വഴികാണാതെ വിഷമിച്ച അവസരത്തിൽ താല്പര്യപൂർവ്വം അ[illegible]യതിന്റെ പ്രസിദ്ധീകരണാവകാശം ഏറ്റെടുത്തു സഹാ[illegible]ച്ച എസ്. എച്ച്. ലീഗ് ഡയറക്ടർ വെരി റവ. ഫാദർ [illegible]റിയാസ്, ഓ. സി. ഡി. അവർകളോടു് എനിക്കുള്ള കടപ്പ[illegible]ടു നിസ്സീമമാണു്.

എന്റെ മറ്റെല്ലാ ഗാനകൃതികൾക്കും ഹൃദയപൂർവ്വം നല്കിയ അതേ സ്വീകരണംതന്നെ നമ്മുടെ ഗാനപ്രിയന്മാർ ഈ "ഹൃദയനാദ"ത്തിനും നല്കുമെന്ന പ്രതീക്ഷ എനിക്കു വേണ്ടത്ര പിൻബലവും തരുന്നുണ്ടു്.

ഗ്രന്ഥകർത്താ.

തിരുമുടിക്കുന്നു്,
15—12—'57.

---

*PERMISSU SUPERIORUM*

*Printed at J. M. Press, Alwaye North, P.O.*

# ഹൃദയനാദം

## ഗാനം ഒന്ന്

## തനയർ പാടുന്നു

(പൊന്നോണപ്പൂക്കാലം.... പോലെ)

വെന്നാലും എന്നാളും — കന്യാംബികേ, നിൻ തനയർ
സാനന്ദം പാടിപ്പുകഴ്ത്തി കൂപ്പുന്നു നിൻ പദതാർ
പൊന്നോമൽ പാവനതാർ (വെന്നാലും....

മാനത്തു മിന്നിത്തിളങ്ങിന മായാത്തൊരു മഴവില്ലായ്
മേഘത്തിൻസിംഹാസനത്തിൽ പാറുന്നൊരു പൊന്നൊ- [ളിയായ്
പുത്രൻെറ വാത്സല്യമേറും ജനിയിത്രീ — നല്ല-
ദൈവത്തിൻ സ്നേഹംനിറഞ്ഞ മണവാട്ടീ — വന്ന-
ങ്ങുയരുന്നീ മന്നിന്നൊളിയേകാൻ (വെന്നാലും....

പെണ്ണുചമച്ച പാപമൊഴിക്കും കർമ്മതിൻസമ്പൂർത്തിക്കായ്
പെണ്മണിമാരിൽ മുന്നണിമുത്തായ് ദൈവംതന്ന നിർമ്മലനീ
പുത്രൻെറ വാത്സല്യമേറും ജനിയിത്രീ — നല്ല-
ദൈവത്തിൻ........ മന്നിന്നൊളിയേകാൻ (വെന്നാലും....

നേർവഴിവിട്ടു വീണുഴലാനായ് നിന്നുടെമക്കൾ പോകായ്വാൻ
നിർമ്മലേ ഞങ്ങൾ തിന്മകൾചെയ്തു മുങ്ങിത്താണു കേഴായ്വാൻ
പുത്രൻെറ വാത്സല്യമേറും ജനിയിത്രീ — നല്ല-
ദൈവത്തിൻ........... മന്നിന്നൊളിയേകാൻ (വെന്നാലും)

ഗാനം രണ്ട്

## കന്നിവോല്യം വിമലയോട്

(മണവാളൻ വന്നല്ലോ.... പോലെ)

കന്നിവോല്യം വിമലേ, കന്യകാവംശ മണിമൗലേ,
മരിയേ, നിൻ പദം കൂപ്പുവാൻ വരുമീ
തനയർക്കായ് തരുന്നീ നിൻ കനകാങ്കുരം —
പുണ്യധനശേഖരം — (കന്നിവോല്യം....

കമനീയ കുസുമാളസകലം ചേർത്തഖിലേശൻ
കമനീ, നിൻ തനുവും തീർത്തമലോത്ഭവം
പുണ്യവരസംഭവം
നിറപുണ്യക്കുടമാംനിൻ ഉദരത്തിന്നകം പുക്ക്
ജഗദീശൻ മരുവിയല്ലോ സുതനായ്
അന്നഹോ നിൻ കരം കോരിത്തരിച്ചുവല്ലോ
മോദം തിമിർത്തുവല്ലോ — (കന്നിവോ....

മഴവില്ലിനഴകൊന്നായ് നിജമേനിയ്ക്കഴകാക്കി
പകലോന്റെ പ്രഭയങ്ങേ പ്രഭയാക്കിയും — നല്ല-
കഴലിൽകീഴൊരു ചന്ദ്രക്കലചേർന്നും വിളങ്ങുന്ന
ജനനീ, നിൻപദം കൂപ്പുവാൻ വരുമീ —
തനയർക്കായ് തരുന്നീ നിൻ കനകാങ്കുരം
പുണ്യധനശേഖരം — (കന്നിവോല്യം....

ഇടയക്കുട്ടികൾ ലൂസിയതുപോൽ ബർണ്ണദീത്തായും
കുതുകാൽകണ്ടൊരു കാഴ്ചയതുപോലെവേ — കാഴ്ച-
ഹൃദയത്തിന്നടിത്തട്ടിൽ വിളങ്ങുംനിൻ തിരുരൂപം
ഉയരട്ടെൻ സുരതാരമായ് അതിൽ നി-
ന്നതിരും പൊൽകിരണങ്ങൾ നയിച്ചീടട്ടെ—
ലോകം നയിച്ചീടട്ടെ, കന്നിവോല്യം....

—o—

ഗാനം മൂന്ന്

## സ്നേഹാഭിരമ്യ

("നീലക്കുയിലി"ലേ കുയിലിനെ തേടി.... പോലെ)

മനുജനുവേണ്ടി മരിച്ചനാഥന്നമ്മേ,
വെൽക സ്നേഹാഭിരമ്യേ!
നിൻപാണിയാണിവനൻപാളുമാലംബം —
ഇമ്പന്നിനിയെന്നാളുമാലംബം — (മനുജനു....

പാലയനാഥേ പാപമെന്യേ
പാവനപാദം പുൽകും ഞാൻ— നിൻ പാവന
വിണ്ണും മണ്ണും വാഴ്ത്തുമന്നാരമ്മേ
നന്ദ്യാ വാഴ്ത്തിവണങ്ങും ഞാൻ —ഞാ....ങ്ങായ് —
(മനുജനു....

അമൃതകരങ്ങൾ തുകിടുംനിൻ
അമലപദാബ്ജപ്പൂവികൽ— നിൻ അമല....
അണിമതിപോലെ ചേൻവാഴാൻ
അണവതിനാകിൽ ഭാഗ്യംതാൻ — അങ്ങണവ....
(മനുജനു....

കരുമനചെയ്യും പാപിമേലും
കരളലിയുന്ന കല്യാംഗീ — നൽക്കരളലിയുന്ന....
കരുണയോടമ്മേ ചേണിയന്ന
നയനമുനത്തെല്ലേക്രനീ — നിൻനയന.... (മനുജനു....

ഗാനം നാല്

## ദിവ്യയാം അമ്മ

(ആനത്തലയോളം.... പോലെ)

അമ്പിളി കാല്ക്കലും താരം തലയ്ക്കലും
കുമ്പിടുന്നമ്മയെ കൈവണങ്ങാം.
പുഞ്ചിരിപ്പൂക്കളാൽ നെഞ്ചലിയിച്ചിടും
സഞ്ചിത പുണ്യയെ കൈവണങ്ങാം.
സ്ത്രീകളിൽ രത്നമായ് ഭൂവിൽ പിറന്നോളാം
ശ്രീമയി അമ്മയെ കൈവണങ്ങാം.
വാർമഴവില്ലിൻെറ ചാറാൽ ചമച്ചൊരു
വാനിൻ വിളക്കിനെ കൈവണങ്ങാം.
പൂവിൻ സുഗന്ധവും ചേലും നിറഞ്ഞൊരു
പാവനിയമ്മയെ കൈവണങ്ങാം.
പാതാളപ്പാമ്പിനെ പാദേതകർത്തൊരു
മാതാവിൻ പാദത്തിൽ കൈവണങ്ങാം.
ദൈവകുമാരൻെറ ദിവ്യയാമമ്മയെ
സർവ്വനിമേഷവും കൈവണങ്ങാം. (അമ്പിളി....

ഗാനം അഞ്ച്

## വിശ്വമനോജ്ഞയായ അമ്മ

(കണ്ണും പൂട്ടിയുറങ്ങുകനീയെൻ.... പോലെ)

വിണ്ണിൻ ഭംഗി തുളുമ്പിടുമമ്മേ
നന്നായ് ഞങ്ങളും വാഴ്ത്തിടുന്നമ്മേ!
എന്നും നിൻ കരവീചി പുണർന്നാൽ
മങ്ങാതങ്ങൊളി പുല്കുമീലോകം.

ഭാവുകപ്പൂമഴ പെയ്യുന്ന മേഘമായ്
വാഴക വിശുദ്ധമനോജ്ഞേ നീയെന്നും
പാരിന്നു പാവ്വണത്തൂമതിയായും
പാദംപിഴയ്ക്കാതെയ്യാൻ നേവ്വഴിയായും
തരംഞ്ഞും ചേവടി ചേലിൽ പണിഞ്ഞിടാം
തങ്കക്കരത്താലനുഗ്രഹിക്കമ്മേ.
താരകത്താരണി മാലയണിഞ്ഞ
തായേ നിൻപദച്ചേണിവക്കേക. (വിണ്ണിൽ....

---

ഗാനം ആറ്

## മോഹന താരകം

(വെള്ളാരംകുന്നിലേ.... പോലെ)

വെണ്മവഴിഞ്ഞിടും നിമ്മലസൂനമാം
കന്യകയംബയെ വാഴ്ത്തീടാം.
നമ്മതൻഗേഹമായ് മിന്നിടും അമ്മതൻ
പൊന്മലർ പാദത്തെ വാഴ്ത്തീടാം.
ചിന്മയൻ ജാതനായ് വന്നുപിറക്കുവാൻ
ജന്മപാപംവിട്ടോളല്ലേ നീ?
ഉന്മിഷത്കാന്തിതൻ ഉജ്ജ്വലദീപമായ്
മന്നിൽപിറന്നവളല്ലേ നീ?
ജീവിത ശാന്തിതൻ പാവനരൂപമായ്
ഭൂവിൽ ജനിച്ചവളല്ലേ നീ?
ജീവിതവീഥിയിൽ ഭാവുകംതൂകിയ
മോഹന താരകമല്ലേ നീ?
ഭാവിതൻ പോരിനങ്ങാവശ്യമായിടും
ആവേശമേകുന്നോളല്ലേ നീ?
ദൈവകുമാരൻെറ ദിവ്യജനിത്രിയാം
സവ്വൈകസുന്ദരിയല്ലേ നീ?

---

ഗാനം ഏഴ്

## ദൈവസൂനുവായ മിശിഹാ

(മഹിമകൾ തിങ്ങും മനോഹരൻ.... പോലെ)

സുമഹിത ദൈവസൂനുവാം മിശിഹായേ അങ്ങേയ്ക്കായ്
വിമലമനസ്സാർന്നു് ബലികളണയ്ക്കാൻ കഴിവരുൾ
ഞങ്ങൾക്കായ്
തവതിരുനാമമെന്നുമുയരാൻ തരണമോ ഞാനെൻ ശോണവും
തമസ്സുടിയോടെത്തുന്നപോകാൻ വെടിയണമോയെൻ
പ്രാണനും
തിരുമനസ്സാകും വേളയിൽ വരമേകുക നീയതിനായ്
കരമുകുളങ്ങൾ പദമലരിങ്കൽ നിരനിരയായ് നല്കാം.
(സുമഹിത....

പലവിധവൈരിജാലമൊന്നായ് പകയോടുകൂടി നില്പൂവേ
അലകടൽതന്നിൽ നൗകപോലെ ഉലയുകയാണെൻ
ജീവിതം
മറുകരനോക്കിപ്പോകുവാൻ ഉശിരേകുക നീയെന്നാൽ
തിറമെഴുമങ്ങേ മഹിമകൾ പാടാൻ ചരണമണഞ്ഞീടാം.
(സുമഹിമ....

ഗാനം എട്ട്

## മിശിഹാ കുരിശിൽ തൂങ്ങി

(മലരുകൾ വാടി.... പോലെ)

മഹിമകൾ മങ്ങി മുറിവുകൾ തിങ്ങി
മുട്ടുഘോരച്ചോരത്തിൽ മുങ്ങി —
മിശിഹാ കുരിശ്ശതിൽ തൂങ്ങി....
മിശിഹാ .... .... .... (മഹിമ....

അകലെയാഗാഗുൽത്താ മാമലമേൽ നോക്കു
അവിടെയാണീശകുമാരൻ
കഴുകൻെറ കൈയിലെ കുഞ്ഞിളം പ്രാവുപോൽ
കുരുതിയായ് തീന്നതുമോർക്കു.... (മഹിമ....

കരുണയാൽ പാപിയെ പാലനം ചെയ്തിടുവാൻ
കരതലം നീട്ടിയ തന്നെ
കരളലിയാത്തോരാക്രൂരചെന്നായ്ക്കൾ
കഠിനദംഷ്ട്രയ്ക്കിരയാക്കി .... കഠിന.... (മഹിമ....

ആദിപിതാക്കളാൽ ആരംഭമാംവിനതാൻ
കാരണമായിതിനെല്ലാം
നീതിയിലുരുവായ നാഥനെ നരരാകെ
ഘാതകനാക്കി കഠോരം .... ഘാതക.... (മഹിമ....

---

ഗാനം ഒൻപത്

## കാഴ്ചവയ്പ്

(ബഹേ അഖിയോംസെ.... പോലെ)

നിത്യമോക്ഷഭാഗ്യം നല്കിടുന്ന ദൈവപുത്രാ നിൻ
പാദപങ്കജത്തിൽ ഞാൻ
കാണിയ്ക്കവയ്ക്കാം എൻ ഹൃദയം — എൻ....
പ്രാണൻ പിരിഞ്ഞ നേരം പോലും
രക്തം ചൊരിഞ്ഞിവക്കുവേണ്ടി
ദ്രോഹം ചെയ്തതിന്നു മാപ്പുനല്കാൻ
പ്രാർത്ഥിച്ചീലയോ ഭാഗ്യം ഏകിച്ചീലയോ
വാഴ്ത്തിടുന്നു ഞാൻ സ്നേഹമോടെ — സ്നേഹമോടെ (നിത്യ....

തളരാത്ത തീർച്ചയോടെ അങ്ങേ
പദമാനമിച്ചിടുന്നോൻ നാഥാ,
താരിൽ താരുണ്യംതൂകും കരത്താൽ
താങ്ങീടുന്നെങ്കിൽ — പാത കാട്ടീടുന്നെങ്കിൽ
ഭാഗ്യം പുൽകുംഞാൻ ഭൂവിലെങ്ങും. (നിത്യ....

കുറയാത്തൊരാഗ്രഹത്തോടെന്നിൽ
കൃപചൂഴും മാറിടത്തിൽ ചായാൻ
ഞാനങ്ങാഗമിച്ചിടുന്നു നാഥാ
നിൻതൃപ്പാണിയാൽ — എന്നെ ആശ്ലേഷിക്കുവാൻ
നീ കനിഞ്ഞിടേണമേയെന്നും — എന്നുമെന്നും. (നിത്യ....

ഗാനം പത്ത്

## സ്വർഗ്ഗതാതനോട്

(ഐസബാം ദിൽമെ കഹ് സരം.... പോലെ)

സർവ്വദാ കൈതൊഴുന്നിതാ
സർവ്വതും സൃഷ്ടിചെയ്ത നായകാ!
ദിവ്യനാഥാ! സ്വർഗ്ഗതാതാ!
നിൻ കരങ്ങളെന്നിയെങ്ങൊരാശ്രയം സദാ — (സർവ്വ....

അന്തികേവന്നു മക്കളെന്തിരക്കിലും
തന്നിടും സ്നേഹമുററ താതനല്ലേ നീ,
പാപഭാരം പേറുമെന്നെ
പാണിയാൽ പിടിച്ചുയർത്തി മോക്ഷമേററുവാൻ (സർവ്വ....

കാഴ്ചവയ്ക്കുവാൻ കൈയിലേതുമെന്നി ഞാൻ
കാത്തിരിക്കയാം കാല്ക്കലീവിധം വിഭോ!
കാററിലാടിടും കാട്ടുവള്ളിയെന്നപോൽ

പൂത്തിടാതെ ഞാൻ പോകയാണു ജീവിതം
നായകാ നീ പ്രേമമാരി തൂകുമെങ്കിൽ
ഞാൻ തളിർത്തു പൂവണിഞ്ഞിടും. (സർവ്വ....

ഗാനം പതിനൊന്ന്

## സ്നേഹപരവശൻ

(മേരാ ദിൽയെ പുക്കാരെ ആജാ.... പോലെ)

സ്നേഹപരവശനായ് വന്നീശോ
ചോര ചൊരിയുകയായ് വൻക്രൂശിൽ
ദീനസ്നേഹമീവിധം ലോകേകാണില്ലെന്നാലും (സ്നേഹ....

പാപമാലാലെയീ ഭൂതലം മൂകമായ് കേഴവേ,
പാരിലേ ശോഭയെ ക്രൂരരും ആക്രമിച്ചേറവേ
പ്രാണഭീതിയാൽ മാഴ്കും തോഴർക്കാശ്വാസം നല്കാൻ
ജഗദീശസുതൻ മൃതനായി — ദീനസ്നേഹ........ (സ്നേഹ....

മോഹമാം വേനലിൽ സ്നേഹമങ്ങാവിയായ് പോകവേ,
രോഗമാം പാമ്പിനാൽ ഭൂമുഖം ഭീകരമാകവേ,
ഭീതിതീർത്തു മർത്ത്യർക്കാമോക്ഷഭാഗ്യം നല്കീടാൻ
മനുജാകൃതിയാളുകയായി — ദീനസ്നേഹ........ (സ്നേഹ....

ഹാവാ താൻ നേടിയീമാനവർക്കേകിയ പാതകം
അവതില്ലാത്തൊരാപ്പേടകംപോലെ നാം പേറവേ
കണ്ടേ, തേറുവാനേവം കൈവെടിഞ്ഞു സസ്നേഹം
കരുണാലയനാപ്പരലോകം — ദീനസ്നേഹ........ (സ്നേഹ....

ഗാനം പന്ത്രണ്ട്

## ക്രിസ്തുനാഥന്റെ എഴുന്നള്ളത്തിൽ

(തിമി തിന്തിമി തെയ്യനംതാരര.... പോലെ)

നിരനിന്നു നിരന്നിട്ട നന്നായ്
നിരനിന്നു നിരന്നിട്ട നന്നായ്
കൊടി കൈകളിലേന്തിയുയർത്തിട്ട നാം —
മഹിയൊക്കെ ചമച്ച മഹേശൻ
മിശിഹാ ജഗദീശതനൂജൻ
മഹിപാലകനായി വരുന്ന കാഴ്ചകൾ കാണാൻ
ഓ.... ഓ.... കാഴ്ചകൾ കാണാൻ. (നിരനിന്നു....

സകലത്തിനും കാരണമായി
സകലത്തിനും പാലകനായി
സകലത്തിനും രാജനുമായി — യേശു വരുന്നു —
ഓ.... ഓ.... യേശുവരുന്നു. (നിരനിന്നു....

മരക്കുരിശതാ കൈകളിൽ കാൺമൂ
മണിപീഠമോ സ്നേഹമാണല്ലോ
മിഴിയഞ്ചിക്കും ശോഭയതോക്കിൽ — നീതിയാണല്ലോ
ഓ.... ഓ.... നീതിയാണല്ലോ. (നിരനിന്നു....

കരവാളുകളില്ലകരത്തിൽ
മണിഭൂഷകളില്ല വപുസ്സിൽ
ദയയാണഹോ തൻ ഹൃദയത്തിൽ — നോക്കുക മർത്ത്യാ
ഓ.... ഓ.... നോക്കുക മർത്ത്യാ. (നിരനിന്നു....

ഗാനം പതിമൂന്ന്

## കൈവല്യം കാലിക്കൂട്ടിൽ

(ഓണപ്പൂക്കൾ പറിച്ചില്ലേ നാം.... പോലെ)

കാലിക്കൂടതിലന്നാളിൽ കൈവല്യം വന്നു പിറന്നല്ലോ
നീലാകാശംതന്നിൽ പൊൻതിരമാലകൾ മിന്നിയുയർന്നല്ലൊ
രാവിൻ പുഞ്ചിരിയാലേ ജഗത്തൊരു പാൽക്കടലായി
തീർന്നല്ലോ
രാവും പകലും കാത്തോരാദൈവം നരനായ് വന്നല്ലോ
കീറത്തുണിയാൽ ചുററപ്പെട്ടാപ്പുൽക്കൂടിലിൽ വാണല്ലൊ
ആയന്മാരവരല്ലാതെ ആരാധിപ്പാനില്ലാതെ
കാലും കരവും ചേലിലിളക്കി കൗതുകമാന്നു കിടന്നല്ലോ
കന്യാതാനും യൗസേപ്പും കണ്ണിന്നുകൗതുകം പൂണ്ടല്ലോ
പുതുനക്ഷത്രക്കാന്തിയിൽമുങ്ങിപ്പുളകം ഭൂമി പുണർന്നല്ലോ
ആട്ടംമാട്ടമതെമ്പാട്ടം കൂട്ടം മോദമണഞ്ഞല്ലോ
ഭൂവും ദ്യോവും താണുവണങ്ങിന പാദപ്പൂവുപണിഞ്ഞല്ലോ
ആനന്ദത്തിന്നൂഞ്ഞാലിൽ ആടിലസിച്ചങ്ങന്നാളിൽ
ഹല്ലേലൂയ്യാ ഗാനമുതിർത്താവാനോർവൃന്ദം വന്നല്ലോ
ആദം ചെയ്തൊരു പാപത്തിൻ ഖേദം സർവ്വമകന്നല്ലോ
ക്ഷേമംപുൽകി ഭൂതലമെങ്ങും ശാന്തിനിറഞ്ഞു കഴിഞ്ഞല്ലോ
(കാലിക്കൂടതിലന്നാളിൽ....

ഗാനം പതിന്നാല്

## ക്രിസ്മസ് രാത്രിയിൽ

(ഇൗന്തോലച്ചീന്തുനിരത്തി.... പോലെ)

ആനന്ദത്തേൻതെളിയുണ്ടും ആരമ്യച്ചേലുപുരണ്ടും
മണ്ണേല്ലൂ വന്നനിരന്നാമാലാഖാവൃന്ദം, — ആ മാലാഖാ....
തൈത്തെന്നൽ വീശിയുണർത്തി മന്ദിച്ച പൂങ്കൊടിമാരെ
ചാഞ്ചാടിപ്പാടിസമോദം കാട്ടുലതാവൃന്ദം. (ആനന്ദ....

വെള്ളിത്താമ്പാളമുയർത്തി വിണ്ണിൻെറ മാറിൽ,
മാലേയക്കൂട്ടമറിഞ്ഞാ മന്നിൻെറ മെയ്യിൽ
പൊന്നീന്തൽത്തുമ്പുകൾതോറും
തൂമഞ്ഞിൻ മുത്തുകൾ പാകി — (ആനന്ദ....

നീലിച്ച മാനവിതാനം താരപ്പൂചൂടി
രാപ്പാടിപ്പക്ഷികളൊന്നായ് ഗാനങ്ങൾ പാടി
ബെത്‌ലേമിൻ മൺതരിയെല്ലാം
രോമാഞ്ചപ്പൂന്തുകിൽചാർത്തി (ആനന്ദ....

പാപത്തിൻ വേദനയാണ്ട ലോകത്തിന്നാകെ
ശാപത്തിൻ മോചനമേകാൻ നാകത്തിൻ നാഥൻ
പാപത്തിൻ ശങ്കയെഴാത്ത നാരിക്ക നന്മകനാകെ. (ആന....

## ഗാനം പതിനഞ്ച്

# ഉണ്ണി പിറന്നു

(പൂമുററത്തൊരു മുല്ല വിരിഞ്ഞു.... പോലെ)

കാലിക്കൂട്ടിലൊരുണ്ണിപിറന്നു
താരക്കോടികൾ കണ്ണുതുറന്നു
തേൻകിനിയും പൂക്കളെയൊന്നായ്
പൂന്തെന്നൽ മാടിവിളിച്ചു.

ആശപൂത്തു പൂവണിഞ്ഞു
നാശമെല്ലാം പോയ് മറഞ്ഞു
കാത്തിരുന്ന ദൈവജാതൻ
ആത്തമോദം ഭൂവിൽവന്നു
മേനിമറയ്ക്കാനില്ലാതെ
മഞ്ഞുസഹിച്ചു വല്ലാതെ
മന്നിനെയങ്ങാ വാനത്തിൻ
ശൃംഗമണയ്ക്കാൻ വന്നല്ലോ! (കാലിക്കൂട്ടിൽ....

സീസറിൻെറ ആജ്ഞയാലേ
പേരുനല്കാൻ പോയനാളിൽ
വാസഗേഹമേതുമെന്ന്യേ
വേദനിച്ചു വാണനേരം
പുല്ലണിമെത്തയിൽ, മാതാവിൻ
പൊന്മകനുണ്ണി പിറന്നല്ലോ
ശാന്തി ഇഹത്തിൽ വേരൂന്നി
സ്വസ്തി പരത്തിൽ താതന്നും. (കാലിക്കൂട്ടിൽ....

ഗാനം പതിനാറ്

## വിശുദ്ധ ചെറുസൂനം

(ജനനീ ജയിക്ക നീണാൾ.... പോലെ)

വിമലേ, വിശുദ്ധപുണ്യ ചെറുസൂനമേ,
വിണ്ണിൻ വരമാരി ചൊരിയും നിൻ പദപങ്കജം നമിയ്ക്കാം.
(വിമലേ....

മിശിഹാതൻ മണവാട്ടീ, മഞ്ജുളശീലേ
ശുഭദേ, വരചരിതേ, ഗുണപരിലാളിതേ, നമസ്തേ —
(വിമലേ....

ജഗദീശതനയൻെറ സുമവാടിയിൽ
മിന്നി — ഒളിതിങ്ങി വിലസും ചെമ്പകസൂനമേ,
സുന്ദരിഗണമൗലീമണികൾ
വണങ്ങിടും ധ്രുവതാരമേ ....
തിന്മതൻ നിഴലേതും തടവിടാതെഞാൻ
മന്നിൽവാണൊടുവിൽ മഹിമകൾ പൂണ്ടിടാൻ
സ്നേഹസുധാകരനാം നാഥൻ നിരന്തരമായ്
ശോഭനകരമേകാൻ കൃപ്പനിൻപാണികൾ. (വിമലേ....

### ഗാനം പതിനേഴ്

## സമൂഹഗാനം

(മേരെ സലാം ലേജാ.... പോലെ)

പശ്ചാത്തല ഗാനം: } ക്രിസ്തുമഹേശൻെറ സേന സുപ്രഭമാക്കിടും
സൈനികരാക നാം.

സൈനികരാക നാം ധൈര്യസമേതം നാം
കൈകളുയർത്തി നാം ഉച്ചത്തിലുരയ്ക്കൂ ജയഗാനം നാം
ഉച്ചത്തിലുരയ്ക്കൂ ജയഗാനം നാം
മംഗളമഞ്ജുള രാഗങ്ങൾ
പെയ്യുന്നു വാനിലേ മേഘങ്ങൾ
ഉന്മിഷത് കാന്തിയിൽ മുങ്ങുമീ വേളയിൽ
ഒന്നായി പാടുവിൻ നമ്മളെല്ലാം .... ആ.... ആ....
ദിവ്യപ്രഭാതമായ് നവ്യപ്രകാശമായ്
ഭവ്യപ്രഭാവമായ് മന്നിലെല്ലാം. (സൈനി....

നാളെ തൻ മോഹനനാളങ്ങൾ
നീളെയുയർത്തും പ്രകാശങ്ങൾ
ഒന്നിച്ചു ചേരുകിൽ വിണ്ണൊക്കും ദീപ്തിയിൽ
സ്പന്ദിക്കും ഭൂമിതൻ ഹൃത്തുമൊന്നായ്
എത്രസമ്മോഹനം സ്തുത്യസമ്മേളനം
ചിത്രപ്രഭാവനം വെൽകനീണാൾ. (സൈനി....

പൂക്കളാൽ പുഞ്ചിരി തൂകിയും
കാററിനാൽ ഗീതങ്ങൾ പാടിയും
മോദിക്കും ഭൂമിയും വാനും മേഘാളിയും
വാഴ്ത്തുന്ന നാളിനെ വാഴ്ത്തു നന്നായ്
ജയ് ജയ് ദയാമയൻ ജയ് ജയ് നിരാമയൻ
ജയ് ജയ് പ്രഭാനപിതൻ ക്രിസ്തുന ഥൻ. (സൈനി....

DHARMARAM COLLEGE LIBRARY, BANGALORE.
18725

## ഗാനം പതിനെട്ട്

## പാപ്പാമംഗളം

(അലയടിച്ചുയരട്ടെ.... പോലെ)

അലയടിച്ചുയരട്ടെ മംഗളഗാനം
അമലനാം പാപ്പാതൻ മഞ്ജുളഗാനം
അവികലശാന്തിതൻ ശോഭനഗാനം
അവിരതഭംഗി തുളുമ്പിടും ഗാനം
ജഗദധിനാഥൻെറ ഭൗമിക സേന —
യ്ക്കധിനാഥനായീടും പത്രോസുതൻെറ
അനന്തരാമിയാം പീയൂസ് പന്ത്രണ്ടാമൻെറ
അജയമഹാത്മ്യത്തിൻ മോഹന ഗാനം
കളകളം പാടുന്ന പൈങ്കിളിവൃന്ദം
പുളകം വിതയ്ക്കുന്ന പൂഞ്ചോല മന്ദം
കലകല മർമ്മര നാദത്താലെങ്ങും
കുതുകം വളർത്തുന്ന വൃക്ഷങ്ങൾ മന്നിൽ. (അല....

## ഗാനം പത്തൊൻപത്

## വെൽക പാപ്പാ

(ഹമെരെ മിൽക്കഹി അരുചൽ.... പോലെ)

വാഴ്ക ക്രിസ്തുവിൻ ശാലയിൽ
ഭാവുകപ്പൊൽക്കതിർ ചോലയിൽ
പാവനശാന്തിതൻ ജ്വാലയിൽ
വാഴ്ക ക്രിസ്തുവിൻ പാറയിൽ.

അന്നു പത്രോസിനോടോതി താൻ
തന്നജശ്രേണിയെ മേയ്ക്കുവാൻ (2)

ഇന്നതിൻവണ്ണമീ നമ്മളെ
ഒന്നുപോൽ കാത്തിട്ടും താതനായ്
മംഗളം ചൊന്നിടാം ഗീതമായ്. (വാഴ്ക....

വെൽക പാപ്പാ നിരാതങ്കമായ്
വെൽക പാപ്പാ ധരാരത്നമായ്
വെൽക പാപ്പാ മഹാസിദ്ധനായ്
ക്രിസ്തുവിൻ നൗകതൻ നാഥനായ്
നിസ്തുല നിർമ്മല രൂപനായ്
സുസ്ഥിരനീതിയാൽ നീതനായ്. (വാഴ്ക....

ഗാനം ഇരുപത്

## മഹിത പോപ്പരാജൻ

(ജയതി ജയതി ഭാരതമാതാ.... പോലെ)

വിമലചരിത വാഴ്ക നീണാൾ മഹിതാഭാ..
ജഗദധിപ പ്രതിനിധിയായ് വസുധയിലഖിലം
കത്തുകാൽ-ധരതൻ-വിധുവായ്. (വിമല....

സുജനപാണിമുകുളം മാലയാക്കിയണിയും
സുകൃതദീപ്തചരിതാ—നിരഘാദർശ്ശിരചിതാ, (വിമ....

സദയ സുഗുണശീലാ, സുചിരസ്നേഹലോലാ,
മഹിതപോപ്പരാജാ, മനുജവംശസൂരാ— (വിമല....

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00018725*
T61 M30

## ചില പാട്ടുപ

| | | |
|---|---|---|
| 1. | പാടുന്ന പൂങ്കുയിൽ | 0—1—6 |
| 2. | തകരുന്ന ചെങ്കൊടി | 0—1—0 |
| 3. | മിഷൻ ഗാനങ്ങൾ | 0—1—0 |
| 4. | മണിവീണ | 0—4—0 |
| 5. | മറിയത്തിൻെറ മധുരഗാനങ്ങൾ | 0—3—0 |
| 6. | തേനൊലി | 0—3—0 |
| 7. | ഗാനസൂനങ്ങൾ | 0—2—0 |
| 8. | മാറെറാലി | 0—2—0 |
| 9. | പാടുന്ന പടവാൾ | 0—1—0 |

ജനറൽ സെക്രട്ടറി.
എസ്. എച്ച്. ലീഗ്
ആലുവാ നോർത്ത് P. O.

# പ്രളയ
# നാദം.

സ് ജെ. മാളിയേക്കൽ.

T61
M30

Indic Digital Archive Foundation
gpura.org